# കർണ്ണപർവ്വം: ഒന്നാംഭാഗം

സദനം കെ.ഹരികുമാരൻ രചിച്ചത്

കർണ്ണപർവ്വം:ഒന്നാം ഭാഗം

ദുര്യോധനനും കർണ്ണനും ചേർന്ന് യുദ്ധത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുന്ന സന്ദർഭത്തിൽ ഗാന്ധാരി വന്ന് വിലക്കുന്നുവെങ്കിലും ദുര്യോധനനും കർണ്ണനും അവരെ ആശ്വസിപ്പിച്ച് തിരിച്ചയക്കുന്നു. കർണ്ണൻ തന്റെ ഗംഗാസ്നാനത്തിന് പോകുന്നു. അവിടെ വെച്ച് ബ്രാഹ്മണ വേഷധാരിയായ ഇന്ദ്രൻ വന്ന് അർജ്ജുനനിൽ നിന്ന് കവചകുണ്ഡലങ്ങൾ വാങ്ങി പകരം വൈജയന്തി എന്ന വേൽ സമ്മാനിച്ച് പോകുന്നു. തുടർന്ന് കുന്തീദേവി വന്ന് കർണ്ണന്റെ ജനനകഥകളും മറ്റും പറഞ്ഞ് പാണ്ഡവപക്ഷത്ത് ചേരുവാൻ ആവശ്യപ്പെട്ടെങ്കിലും കർണ്ണൻ നിരസിച്ച് അർജ്ജുനനെ ഒഴിച്ച് മറ്റാരെയും യുദ്ധത്തിൽ കൊല്ലുകയില്ലെന്ന വാഗ്ദാനം നൽകി കുന്തീദേവിയെ തിരിച്ചയക്കുന്നു.

പച്ച വേഷത്തിലുള്ള കർണ്ണന് ഇതിൽ നൂതനമായ ഒരു സത്വഗുണ പ്രധാനത്തോടെയുള്ള തിരനോക്ക് ചിട്ടപ്പെടുത്തിയിട്ടുണ്ട്.കർണ്ണ ദുര്യോധന സൗഹൃദം കാണിക്കുന്നതിനായി തോടയത്തിലെ 'മുഖജ്ജാളം' ഉപയോഗിച്ച് ഒരു രംഗക്രിയ സംവിധാനം ചെയ്തിട്ടുണ്ട്.

രംഗം : ഒന്ന്

രംഗ സംക്ഷിപ്തം

(ദുര്യോധനനും കർണ്ണനും ചേർന്ന് യുദ്ധത്തിനുള്ള ഒരുക്കങ്ങൾ കൂട്ടുമ്പോൾ ദുര്യോധനന്റെ അമ്മയായ ഗാന്ധാരി വന്ന് ദുരോധനനെ യുദ്ധത്തിൽ നിന്ന് പിൻതിരിക്കുവാൻ ശ്രമിക്കുന്നു. യുദ്ധം അനിവാര്യമാണെന്ന് കർണ്ണൻ അഭിപ്രായപ്പെടുന്നു. തുടർന്ന് വിജയാശംസകൾക്കായി ദുരോധനൻ ഗാന്ധാരിയോട് അപേക്ഷിച്ചെങ്കിലും ഗാന്ധാരി "യതോധർമ്മസ്തതോജയ". എന്ന് അനുഗ്രഹിക്കുന്നു.)

ശ്ലോകം                രാഗം : ശങ്കരാഭരണം

പടഹകാഹളഭേരികൾ പൊന്തി ഗജതുരംഗ രഥങ്ങളൊരുങ്ങി
തുമുല ബാണ ഗദാദികളായധ-പ്പുരകളിൽ ഝണനാദമുണർത്തി
അടരതേകിടുമാപദമോർത്താ സുബലനന്ദിനിയൊന്നു നടുങ്ങി
ദിനകരാത്മജ സഖ്യമതാളും തനയനോടവളേവമുരച്ചു.

ഗാന്ധാരി

രാഗം: രഞ്ജിനി      താളം : ചെമ്പട.

നന്ദനാ സുയോധനാ വരികെന്നരികിൽ നിൻ
മൂർദ്ധാവിൽ മുകർന്നൊരു തിലകമണിയിച്ചീടാം

എങ്ങുപോയ് നോവെഴാതെ എനിക്കു ലഭിച്ചൊരു
നന്ദനൻ കർണ്ണൻ നിന്റെ തോഴനും സർവസ്വവും

ഹയങ്ങൾ മദംപൂണ്ട ഗജങ്ങൾ വിഷംതേച്ച
ശരങ്ങൾ എന്നുള്ളിൽ ഹാ സങ്ഗരം നടത്തുന്നു
തണലായ്തരുവായ് നീയരുതാ താരുണ്ടെന്റെ
മരണം തടഞ്ഞീടാൻ അമൃതം നൽകീടുവാൻ

മറകൾമറഞ്ഞവർ മറക്കുന്നവർ അയ്വർ
കനിവിന്നുറവാർന്നോൻ പൊറുക്കുന്നവൻ നീയും
നന്ദനാ കൗന്തേയരിൽ അലിവുണ്ടായീടുക
നൽകുക രാജ്യാർദ്ധംനീ- അവർക്കുരോധം വിനാ

ദുരോധനൻ

രാഗം : ആഹരി താളം : ചെമ്പട.

അലമലമീദൃശ ഭാഷണമമ്മേ
വെടിയുകനിന്നുടെ ഭീതികളും
ഭൂപതിയായ് തവ കാന്തനെവാഴി-
ച്ചീടാതനുജനെ വാഴിച്ചതിലു-
ള്ളൗചിത്യം വദ എന്തെന്തതിനൊരു
ന്യായമതെന്നുരചെയ്യുക നീ

നിൻമകനുള്ളവകാശം പാണ്ഡവ-
നേകണമെന്നോ നിന്നുടെ വാദം
ചൊല്ലുക പാണ്ഡുസുതന്മാരാരു-
ണ്ടയ്വരിലെന്നൊരു സത്യം നീ

ഗാന്ധാരി.

രാഗം ; അഠാണ താളം : ചെമ്പട.

നിർത്തുക ദുർവചനങ്ങൾ പുത്രാ
സൽകുലദൂഷണമരുതിനി മേലിൽ
പൃഥയുടെ ധവളനിചോളത്തിൽ കടു
കജ്ജളമെറിയാൻ തുനിയുന്നോ നീ

അഭിഷിക്ത രാജനാകും പാണ്ഡു-
സുതന്മാർക്കേകുക രാജ്യാർദ്ധം നീ
പോരിൽനിന്നു വിലക്കി വിനാശ-
ത്തിന്നുവിരാമമതേകുക കർണ്ണാ

കർണ്ണൻ

രാഗം : സാവേരീ താളം : തൃപുട.

ഗാന്ധാരി മാതാവേ നിൻ പാദപാംസുലം നല്ല
സിന്ദൂരതിലകമായ് അണിഞ്ഞീടുന്നേൻ ഞാനും

(ചെമ്പയിലേക്കുമാറി)

ഹീനമാനസരാകും പാണ്ഡവന്മാരിൽ വൃഥാ
കാരണ്യലേശം നാമിന്നെന്തിനു കാട്ടീടേണം

ഹസ്തിനപുരത്തിനു നെടുനായകനായി
നിന്നുടെപുത്രൻ നീണാൾ വാണീടുന്നൊരു ദിനം

(തൃപുടയിലേക്കുമാറി)

താംക്ഷിച്ചു വാഴും ഞങ്ങൾക്കേവർക്കും ധൈര്യം വായ്ക്കും
വാണികൾതന്നുത്സാഹം നൽകേണം മാതാവേ നീ

(ചെമ്പയിലേക്കുമാറി)

തേജോവധത്താൽ മനംകെട്ട നേരം അ-
ലിവിന്നഭിഷേക ധാരചെയ്തഏരചനായ്
വാഴിച്ചോരിവനെ യെനിക്കുമുമ്പായ്മരി-
ച്ചീടാനനുവദിച്ചീടില്ലൊരിക്കലും

ദുരോധനൻ

രാഗം : ഭൈരവി. താളം : ചെമ്പട.

ജനനി പോരിൽ വിജയം വരുവാനുള്ള വരം മമ തന്നിടു നീയും

ഗാന്ധാരി

രാഗം : പുറനീര

ധർമ്മമെങ്ങു ജയം വരും നിർണ്ണയം വാണിടട്ടെ ധർമ്മമീ
ധരയിൽ
("യുദ്ധ കാര്യങ്ങളെല്ലാം ഞങ്ങൾ നോക്കിക്കൊള്ളാം അമ്മ
ധൈര്യമായി അന്തപ്പുരത്തിൽ പോയിവസിച്ചാലും"എന്ന്
ദുര്യോധനൻ ആശ്വസിപ്പിച്ച് ഗാന്ധാരിയെ പറഞ്ഞയക്കുന്നു.)

രംഗം : രണ്ട്.

രംഗ സംക്ഷിപ്തം

( കർണ്ണൻ ഗംഗയിൽ കുളിക്കുവാൻപോകുന്നു. ആരോ ഉപേക്ഷിച്ച് ഗംഗയിൽ ഒഴുക്കിയ തന്നെ ആപത്തൊന്നും കൂടാതെ അതിരഥന്ഏൽപിച്ചു കൊടുത്ത ഗംഗയോട് മാതൃ ഭക്തി തോന്നുന്നു. കുളി കഴിഞ്ഞു നിൽക്കുന്ന കർണ്ണനോട്ബ്രാഹ്മണവേഷത്തിൽ വന്ന ഇന്ദ്രൻ കവച കുണ്ഡലങ്ങൾ ദാനം ചോദിച്ചു വാങ്ങുന്നു. പകരമായി വൈജയന്തി എന്ന വേൽ സമ്മാനിച്ച് മറയുന്നു. കർണ്ണൻ സൂര്യവന്ദനം കഴിഞ്ഞു നിൽക്കുന്നനേരത്ത് കുന്തീദേവി വരികയും പാണ്ഡവപക്ഷത്ത് ചേർന്ന്യുദ്ധം ചെയ്യുവാൻ കർണ്ണനോട് അപേക്ഷിക്കുകയും ചെയ്തെങ്കിലും കർണ്ണൻ നിരസിക്കുന്നു. താൻ ആരാണെന്നും കർണ്ണന്റെ മാതാവാണെന്നും ഉള്ള സത്യം കുന്തി പറയുന്നു. അർജ്ജുനനെ യൊഴിച്ച് മറ്റുപാണ്ഡവരെ താൻകൊല്ലില്ലെന്ന വാഗ്ദാനം നൽകി കുന്തീദേവിയെ കർണ്ണൻ പറഞ്ഞയക്കുന്നു.

ശ്ലോകം രാഗം : സാരംഗ.

വൃത്രശത്രുസുതനൊത്തു പോരിടും നാളുപാർത്തു പക പൂണ്ടു
കർണ്ണനും

പാർത്തു ദിവ്യശര മന്ത്രമോർത്തു രണതന്ത്രമോർത്തു ദിന
രാത്രികൾ
നിദ്ര ചെയ്തിടാതസ്ത്രസഞ്ചയം പൂജചെയ്തു ദിനനാഥ
സൂനുവും
ഒന്നുറങ്ങിയതുപോതു ദർശനമതേകി സ്വപ്നമതിലർക്കനും

( ഉറങ്ങിക്കൊണ്ടിക്കുന്ന കർണ്ണൻ ചില ദുസ്വപ്നങ്ങൾ കണ്ട്
ഇണരുന്നു. ദേവേന്ദ്രൻ, കവചം, വേല്, എന്നിങ്ങനെയുള്ള
അവ്യക്തമായ പലതും സ്വപ്നത്തിൽ കണ്ടതായി, കർണ്ണൻ
ഓർക്കുന്നു. അതൊന്നും ഗൗനിക്കാതെ കർണ്ണൻ ഗംഗയിലേക്ക്
കുളിക്കുവാൻ പുറപ്പെട്ടു പോകുന്നു. )

**കർണ്ണൻ**

രാഗം : നവരസം താളം : ചെമ്പ.

ഗംഗേ തുംഗ തരംഗേ മാമക ജന്മാന്തരപങ്കങ്ങളെയഖിലം
കുളിരും കല്ലോലാമൃതധാരയിൽ അലിയിച്ചരുളൂ കാരുണ്യം

മൃദുലം പട്ടുകിടക്കവിരിച്ചൊരു ദാരുപെട്ടകം തന്നിൽ വിശന്നു
കരഞ്ഞൊരുപൈതലിനേകീ നീ പരീലാളനവും പരിചരണമതും

(കർണ്ണൻ ഗംഗയിൽ മുങ്ങിക്കുളിക്കുന്ന.)

ഭാഗീരഥിതൻമൃദുലജലോപരീ കുളിരലയൊന്നിളകി
ഉദയം കൊള്ളും രവികിരണങ്ങളിലങ്ഗേശൻ മുഴുകി
മുകുളീകൃതകരപങ്കജ കുഡ്മളമുന്നത മൂർദ്ധാവിൽ
ചേർത്തു ദിവാകര മന്ത്രമുരച്ചളവൂർന്നൂ കണ്ണീരും
വാസവനാഥൻ ഭൂസുരവേഷം പൂണ്ടതി സാമർത്ഥ്യം
പൂണ്ടു ദിനേശാത്മജനുടെ നികടേ വന്നിതു ഭിക്ഷാർത്ഥം

(ബ്രാഹ്മണവേഷധാരിയായ ദേവേന്ദ്രൻ രംഗത്തിന്റെ ഇടത്തു
വശത്ത്
(പ്രത്യക്ഷപ്പെടുന്നു)

**കർണ്ണൻ**

രാഗം : ധന്യാസി താളം :അടന്ത.

വിപ്ര വരാ വേദാർഥ പ്രവരാ തവ പദേ മൽപ്രണാമം.
എന്തൊരു ഭിക്ഷക്കായിഭവാനിഹ വന്നെന്നതു ചൊല്ലുക മടിയാതെ
വാഞ്ഛിതമെന്താകിലുമതു നൽകാനിന്നിഹ കർണ്ണനൊരുക്കമഹോ
ബ്രാഹ്മണൻ രാഗം : ബിലഹരി താളം : ചെമ്പട

ദാനകൽപതരുവാകിയ കർണ്ണാ കാമിതമിഹഞാൻ ചൊല്ലീടാം
നിൻവിരിമാറിൽ വിലസും മണിമയ ഭാസുര രക്ഷാകവചമതും
കർണ്ണങ്ങളിലൊളിവിതറും കുണ്ഡല യുഗളമതും മമ നൽകിടുക

**കർണ്ണൻ**

രഗം: ഭൈരവി താളം : ചെമ്പട.

പ്രഛന്നവേഷമണിഞ്ഞു കിണഞ്ഞിഹ പ്രത്യക്ഷനായ സുരാധിപാ
പ്രത്യുപകാരമതോർക്കാതിന്നു നിനക്കഹമേകീടാം കവചം
വിശ്വസിപ്പതിന്നെളുതല്ലാ നിൻവിശ്വവിജയിയാം പുത്രനുണ്ടാനതി

ഭീഷണനാണെന്നൊരുസത്യം..അതു സത്യം അതു സത്യം

വിജയാഖ്യം മമ വില്ലിൽവിജയം വാഴ്‌വൂ വിജയനൊടോതുക നീ
പക്ഷേ കവചമറുക്കുമ്പോൾ തനു വികലമതായ്ത്തീരരുതേ
(കർണ്ണൻ കവചം അറുത്തുകൊടുക്കുന്നു. പകരമായി ദേവേന്ദ്രൻ വേല് സമ്മാനിക്കുന്നു .ദേവേന്ദ്രൻ മറയുന്നു. കർണ്ണൻ തന്റെ സൂര്യധ്യാനം തുടരുന്നു. കുന്തി പ്രവേശിക്കുന്നു.)

കർണ്ണൻ

രാഗം : പൂർവ്വികല്ല്യാണി താളം : ചെമ്പട.

ഐവർക്കുമാതേ പൃഥേ രാധേയൻനമിപ്പൂ തേ.
തപ്തമീ പുളിനം, തവ പാദം നളിനം,
ഇല്ലിഹ നൽകാനഹോ, നിനക്കു സിംഹാസനം

കാംക്ഷിപ്പതുണ്ടോ ദാനം ഞാനാരോ നൽകാൻ ദാനം
ഊനം കൂടാതെ ഞാനും ചെയ്യേണ്ടതെന്തു ചൊൽക

കുന്തി

രാഗം : കേദാരഗൗള താളം : ചെമ്പട

മൊഴിവതിന്നെന്തുഹാ ഞാൻ പണിയുന്നതെന്തഹോ ഞാൻ
വത്സാ നിൻ മുഖമൊന്നു നിറഞ്ഞു കണ്ടീടട്ടെ
പാവനാത്മാവേ ഞാനും പാണ്ഡവർക്കമ്മ പൃഥ യാചകിയായി നിന്റെ ചാരത്തുവന്നതിന്നു.
ഇല്ലത്തിൽ ചാമ്പലാകാൻ നഞ്ചുണ്ടു മരിച്ചീടാൻ
പാപമെന്താണു പാർത്ഥർ ചെയ്തതു ചൊല്ലീടുക
ബോധവീരനാം ഭവാനെന്തിനീയധർമ്മത്തെ
പാലനം ചെയ്തീടുന്നെന്നറിവീലമേ കർണ്ണാ

ദാനവീരനാം ഭവാൻ ധർമ്മിഷ്ഠരാകും മമ
പുത്രന്മാരോടുചേർന്നു സങ്ഗരം ചെയ്തീടേണം

കർണ്ണൻ

രാഗം : ഭൈരവി താളം : ചെമ്പട

കന്യാദാനം പോലെളുതാമോ കർണ്ണനെ ദാനം നൽകിടുവാൻ
ഉടമയെനിക്കഏഹികേതനനെന്നറിയാതുരിയാടുവതെന്തേ നീ യിദം
ശാത്രവനെന്നെ കമ്രോക്തികളാൽ സ്വാധീപ്പതിനോ നീ വന്നു
പകപുകയുന്നൊരു പാർത്ഥന്മാരൊടു സഖ്യമചിന്ത്യം നിന്ദ്യം നിന്ദ്യം

കുന്തി

രാഗം : വൃന്ദാവന സാരംഗ താളം :ചെമ്പട

പാപപങ്കില കരാളമാനസ യൊരമ്മപണ്ടു പ്രസവിച്ചു പോൽ
ബാലമാർത്താണ്ഡ ശോഭ യാളുമൊരു താരിളംപൈതൽ ജാതനായ്
ശ്രുതികളിൽ കുണ്ഡലങ്ങൾ തിളങ്ങി ഉടലതിൽ കവച ശോഭവിളങ്ങി

കർണ്ണൻ

രാഗം :ഭൈരവി താളം : ചെമ്പട.

പാതി പറഞ്ഞോരെൻ കഥകൾ നീചൊല്ലുക സർവ്വം മഹിത തമേ

കുന്തി

രാഗം : വൃന്ദാവനസാരംഗ. താളം : ചെമ്പട

നിഷ്ഠുരയവളൊരു പെട്ടകമതിലാ സുതനെ പട്ടുപുതച്ചു കിടത്തി
കണ്ണീരുറവാൽ തീർത്തൊരു ഗംഗാ നദിയിലൊഴുക്കി
ഹൃദയമതുരുകി

കർണ്ണൻ

രാഗം :ഭൈരവി. താളം ; ചെമ്പട.

നരിതൻ മാനസമാർന്നൊരു നാരിയവൾക്കായ്
തിരയുന്നഹമുരുകാലം
കരയാളും കരളാർന്നവളാരതു മറകൂടാതിന്നരുളുക ദേവീ

കുന്തി

രാഗം : നീലാമ്പരീ താളം : മുറിയടന്ത(ഖണ്ഡ ചാപ്പ്)

നിൻപേറ്റുനോവറിഞ്ഞോളാണിവൾ
നിൻമുന്നിൽ ദാനത്തിനായ് വന്നവൾ
മുനിവര്യ ശുശ്രൂഷ നൽകിയ വരദാന
മൊരു ബാലലീലക്കു വെമ്പലാർന്നു.
ഉദയാർക്കനെ കന്ദുകമായി മോഹിച്ചു
മന്ത്രിച്ചു വരമൊന്നു ...ഭാനുവന്നു
നൽകീല കന്ദുകം എന്നാലെനിക്കവൻ
നിധിയായ നിന്നെയും നൽകിമാഞ്ഞു
സാക്ഷിയാണിതു സത്യമെന്നെ ജനനിയെ-
ന്നൊന്നുവിളിക്കുക നീ മകനേ
(കുന്തി കർണ്ണനെ ആലിംഗനംചെയ്യുന്നു. പുത്രവാത്സല്യത്തിന്റേയും
മാതൃഭക്തിയുടേയും സായൂജ്യത്തിൽ അവർ ആമഗ്നരാകുന്നു.
പക്ഷെ കർണ്ണന് രാധയുടേയും അതിരഥന്റെയും
ഓർമ്മവരുന്നതോടെ കുന്തിയുടെ മടിയിൽ നിന്ന്
എഴുന്നേൽക്കുന്നു.)

കർണ്ണൻ

രാഗം: തോഡി താളം : ചെമ്പട.

സത്യമെനിക്കതിരഥനരുളിയ പിതൃ ലാളനവും പാലനവും രാധക-
നിഞ്ഞരുളിയ പൈംപാലും കുന്തീ, ത്യക്തപുത്രനെ തേടരുതേ നീ
പിഴയായ്ജന്മം നേടിയപാപം പഴിയഭിഷേകത്താൽ കഴുകീ ഞാൻ
പാഴ്‌വാക്കല്ല കളങ്കം മാതൃകുലത്തിനു മാതേ നീ നിയതം

കുന്തി

രാഗം : ശുഭപന്തുവരാളി താളം : മുറിയടന്ത(ഖണ്ഡചാപ്പ്)

കർണ്ണാ തുരുതുരെ വാക്ശരമെയ്തെന്റെ

ചിത്തം പിളർക്കുക അർഹയതിനു ഞാൻ
ദിവ്യാസ്ത്ര മന്ത്രം ജപിച്ചു ജ്വലിക്കുന്നൊ-
രീക്ഷയിലെന്നെനീ ഭസ്മീകരിക്കുക
എരിയുന്ന കോപക്കനലുകളാൽ ചിത
തീർക്കുക കാനീനനാം സൂതാ നീ
ദാനം ചോദിപ്പൂഞാൻ കർണ്ണാ

കർണ്ണൻ

രാഗം : ആനന്ദഭൈരവി താളം ; ചെമ്പട.

അമ്മേ പൊറുക്കുക കണ്ണീർതുടക്കുക
എന്തുഞാൻചെയ്യേണ്ടതിന്നുനിനക്കഹോ

കുന്തി

രാഗം : യദുകുലകാമ്പോജി. താളം : ചെമ്പട.

സീമന്തനന്ദനാ യെൻമക്കളോടു നീ
ചേർന്നടർ ചെയ്തു വിജയിയായ്ത്തീരുക
ധർമ്മജൻഛത്രം വിടർത്തുംനിനക്കായി
വീരനാം മാരുതി ചാമരം വീശിടും
അർജ്ജുനൻനിൻപദം മോദാൽ കഴുകിടും
സ്വർണ്ണസിംഹാസനത്തിൽ നീ വിളങ്ങിടും
ഞാനാണുനിന്നമ്മയെന്നുലോകത്തോടു
ഞാനഭിമാനപുരസ്സരമോതിടും
കർണ്ണാ വരിക നിൻ സോദരന്മാരൊടു ചേരുക വൈരം വെടിയുക.

കർണ്ണൻ

രാഗം : മദ്ധ്യമാവതി താളം : ചെമ്പ.
കോടുത്തദാനം തിരിച്ചു വാങ്ങുവതിന്നോ ചൊൽവതു നീ
സമസ്തവുമവനു കൊടുത്തതിനി യഹ മെടുത്തു വാങ്ങണമോ
വാഗ്ദാനമൊന്നു ഞാൻ നൽകിടാം മാതേ
അർജ്ജുനനെന്നിയെ നിൻമറ്റു പുത്രരെ
സങ്ഗരേകൊന്നീടുകില്ല ഞാൻ സത്യം
കൗന്തേയനാകിലും പാണ്ഡവനാകുവാൻ
ആകില്ലെനിക്കു മാതേ
യുദ്ധാവസാനമൊരഞ്ചു പുത്രന്മാർ
നിനക്കവശേഷിക്കു മെന്നു നൂനം.

( അർജ്ജുനനെ ഒഴികെ മറ്റു പുത്രന്മാരെ താൻ സന്ദർഭം ലഭിച്ചാലും കൊല്ലുകയില്ല എന്ന പ്രതിജ്ഞക്കു ബദലായി തന്റെ ജന്മരഹസ്യം യുദ്ധം കഴിയുന്നതുവരെ നിഗൂഢമായിത്തന്നെ സൂക്ഷിക്കാമെന്ന പ്രതിജ്ഞ കുന്തിയിൽ നിന്ന് തിരിച്ചു വാങ്ങുന്നു നിന്നോളം സൽകീർത്തിമാനായി മറ്റൊരുത്തനുമുണ്ടാകില്ലെന്ന് അനുഗ്രഹിച്ച് കുന്തീദേവി മനമില്ലാമനസ്സോടെ നടന്നു നീങ്ങുന്നു. )

ശുഭം

കർണ്ണപർവ്വം: രണ്ടാം ഭാഗം
സദനം .കെ. ഹരികുമാരൻ രചിച്ചത്

കർണ്ണൻ പടനായകനായതിനു ശേഷം----

അർജ്ജുനന് കൃഷ്ണൻ തേരാളിയായിട്ടുള്ളതുപോലെ തനിക്ക് ഒരു തേരാളിവേണമെന്ന നിശ്ചയത്തോടെ കർണ്ണൻ മഹാരഥിയായ ശല്യരോട് തന്റെ തേരാളിയാകാമോ എന്ന് അഭ്യർത്ഥിക്കുന്നു. കഠിനമായ ഭർത്സനങ്ങൾക്കും ഉപാലംഭങ്ങൾക്കും ശേഷം ശല്യർ കർണ്ണന്റെ തേരാളിയാകുന്നു. കർണ്ണൻ അർജ്ജുനനെ പോരിനു വിളിക്കുന്നു.

കർണ്ണന്റെപോരിനു വിളികേട്ട കൃഷ്ണൻ പരിഭ്രാന്തനാകുന്നു. കർണ്ണനെ നേരിടാൻ ഭിമസേന പുത്രനായ ഘടോൽകചനെ കൃഷ്ണൻ വിനിയോഗിക്കുന്നു. ഘടോൽകചനുമായുണ്ടായ യുദ്ധത്തിൽ ഗത്യന്തരമില്ലാതായ കർണ്ണന്,ഇന്ദ്രൻ കൊടുത്ത വൈജയന്തി എന്ന വേല് സ്വരക്ഷായി ഉപയോഗിക്കേണ്ടിവരുന്നു. ഘടോൽകചൻ മരിച്ചുവീഴുന്നു.
കൃഷ്ണൻ അർജ്ജുനനെ പ്രോത്സാഹിപ്പിക്കുന്നു. അർജ്ജുനൻ കർണ്ണനോട് ഏറ്റുമുട്ടുന്നു. യുദ്ധത്തിനിടയിൽ കർണ്ണന്റെ തേര് ശാപം നിമിത്തം ഭൂമിയിൽ പൂണ്ടു പോകുന്നു. യുദ്ധം നിർത്തുവാൻ കർണ്ണൻ ആവശ്യപ്പെട്ടെങ്കിലും കർണ്ണനെ അമ്പെയ്തു വധിക്കുവാൻ അർജ്ജുനന്കൃഷ്ണൻ നിർദ്ദേശം നൽകുന്നു. അർജ്ജുനൻ കർണ്ണനെ അമ്പെയ്ത് വധിക്കുന്നു.

കൃഷ്ണൻ അർജ്ജുനനെ പടക്കളത്തിൽ നിന്ന് പറഞ്ഞയക്കുന്നു. ഹൃദയത്തിൽ തറച്ച അമ്പുമായി വീണു കിടക്കുന്ന കർണ്ണനെ കൃഷ്ണൻ ആലിംഗനം ചെയത് ആശ്വസിപ്പിക്കുകയും അമ്പ് വലിച്ചെടുത്ത് മോക്ഷം നൽകുകയും ചെയ്യുന്നു.(ഇത് കഥാകാരന്റെ സ്വതന്ത്രമായ കൽപനയാണ്)

ശല്യരെ തികച്ചും അപ്രധാന കഥാപാത്രമായിട്ടാണ് പതിവു കഥകളിൽ അവതരിപ്പിക്കാറുള്ളത്.നൂതനമായ ആഹാര്യസൃഷ്ടിയോടെയാണ് ഇതിൽ ശല്യരെ അവതരിപ്പിച്ചിട്ടുള്ളത്.ദ്വൈരഥം എന്ന യുദ്ധസങ്കൽപത്തെ അടിസ്ഥനപ്പെടുത്തി നൂതനമായ ഒരു യുദ്ധവട്ടവും ഇവിടെ ചിട്ടപ്പെടുത്തിയിട്ടുണ്ട്.കൃഷ്ണന്റെ കലാശങ്ങളും മറ്റും പാരമ്പര്യത്തിൽ ഊന്നിക്കൊണ്ട് നവീനമായി ചിട്ടപ്പെടുത്തിയുണ്ടാക്കിയതാണ്.
ആരങ്ങേറിയ എല്ലാസന്ദർഭങ്ങളിലും ഈ കഥ വൻ വിജയമായിരുന്നു.

രംഗം : ഒന്ന്

രംഗസംക്ഷിപ്തം :( ദുര്യോധനൻകർണ്ണനെ പടനായകനാക്കുന്നു. കർണ്ണൻ അർജ്ജുനനെ യുദ്ധത്തിനു വിളിക്കിന്നതിന് പുറപ്പെടുന്നു. കർണ്ണൻ മാദ്രരാജാവായ ശല്യരുടെ സമീപത്തുചെന്ന് തന്റെ തേര് തെളിക്കുവാൻ അഭ്യർത്ഥിക്കുന്നു. ശല്യർ കർണ്ണനെ തേജോവധം ചെയ്ത് നിർവീര്യനാക്കുന്നു. എങ്കിലും യുദ്ധത്തിന് തേര് തെളിക്കാമെന്ന് സമ്മതിക്കുന്നു. )

ശ്ലോകം രാഗം : ശങ്കരാഭരണം. രാഗം : ചെമ്പട

പടപൊരുതിയടർക്കളത്തിൽവീണു സുരഗംഗാസുതനായ ഭീഷ്മരും
ശരനികരമയച്ചുതീർത്തശയ്യാതലമതിൽമൃത്യുവുമോർത്തവൻശയിച്ച
ു
കുരുകുലഗുരുവായദ്രോണരെപ്പൊയ്ക്കഥയതുരച്ചുഹനിച്ചു
പാണ്ഡവർ
കുരുപടയണിനാഥനായ കർണ്ണൻ സുരസുതനൊത്തു
രണത്തിനായ്തുനിഞ്ഞു

രാഗം :തോഡി. താളം : ചെമ്പ

ശ്ലോകം
നീലമേഘരുചിയാണ്ടമെയ്യുടയ കൃഷ്ണനേറിയരഥത്തിലായ്
ജിഷ്ണുനിന്നുശരവൃഷ്ടിചെയ്തു പട നഷ്ടമാക്കുവതു നിഷ്ഠുരം
പാർത്തു കൃഷ്ണസമനായ സാരഥിയെനിക്കു വേണമിതി ചിന്തയൻ
സൂര്യജൻതദനു മാദ്രദേശനരപാലനോടിദമുരക്കയായ്.

(കർണ്ണൻ മാദ്രരാജാവായ ശല്യരോട് തന്റെ തേര് തെളിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.)

കർണ്ണൻ

മാതുലാ ശല്യാ മഹാരഥാ വന്ദിപ്പൂ
രധേയനങ്ങയെ സാദരം സാമ്പ്രതം.
സങ്കോചമിന്നുമേ പാരമുണ്ടെങ്കിലും
ചൊല്ലുവൻ വാഞ്ഛ യതൊന്നു നീ കേൾക്കണം
കൃഷ്ണനെ തേരാളിയാക്കിയ പാർത്ഥനൊ-
ത്തിന്നു ഞാൻ ദ്വൈരഥം കാംക്ഷിച്ചിടുന്നു.
സ്യന്ദനം ചേലിൽ നടത്തി മൽ സങ്ഗര -
സാരഥിയാകുവാൻ നീ കനിഞ്ഞീടണം

കൃഷ്ണൻ തെളിക്കും രഥ കേതു പലകുറി
അറുത്തു നിലത്തതു ഞാൻ വീഴ്ത്തിയ കണക്കിനെ
ഇന്ദ്രനണിയിച്ച പൊൻ മുടി ചൂടും
ശിരസ്സിന്നറുത്തു നിലത്തു പതിപ്പതും
യുദ്ധം ജയിപ്പതും വീരൻ സുയോധനൻ
ഛത്രപരീലാളിതനായ് ഭവിപ്പതും
കാണാം ഭവാനിന്നു മൽപ്രാർത്ഥന ഭവാ-
നേതും തിരസ്കരിച്ചീടൊല്ല വാഞ്ഛിതം

ശല്യർ

രാഗം : ബിലഹരീ താളം :ചെമ്പട

വീരസ്യങ്ങൾ ചൊല്ലരുതതിരഥ പുത്രാ നിൻ ചൂണ ഞാനറിയും

അപചയമേകിയ മുൾമുടിയെത്ര യണിഞ്ഞതു കർണ്ണാ ഇന്നോളം നീ

പഴുതേ മൊഴിയമ്പെയ്തു മദിക്കരുതേ

ദ്രുപദനു ബന്ദിയതായൊരു നേരം ഗന്ധർവ്വൻ ബന്ധിച്ചൊരു നേരം
മത്സ്യപുരത്തിൽനിന്നു പശുക്കളെ മോഷ്ടിച്ചിങ്ങു വരുന്നൊരു നേരം
പാണ്ഡവനുടെ ശര മാധുര്യം നീ വേണ്ടതു പോലെയറിഞ്ഞതുമല്ലേ
(തലാശം തോങ്കാരം തോങ്കാരത്തിന്റെ സാഹിത്യം തിശ്ര നടയിൽ)
പഠിച്ചെന്നാകിലും പാഠം പഠിക്കാത്ത മിടുക്കനാകുന്നു നീ
പഴുതേ മൊഴിയമ്പെയ്തു മദിക്കഴുതേ

അന്നനട കണ്ടു കാകൻ കൊക്കി നടന്നാൽ മരാളമായിടുമോ
കുയിൽമൊഴിയാകാൻ കിണയും കാകൻ കുറുകുകിൽ പൂങ്കുയിലായിടുമോ
നിത്യം സ്നാനം ചെയ്യുകിലുമവൻ കൊക്കായ് തീർന്നിടുമോ

പാർഥൻ പാർഥിവനാണെന്നറിയുക സൂതൻ സൂതജനൊർത്തീടുക
പഴുതേ മൊഴിയമ്പെയ്തു മദിക്കരുതേ

ഉച്ഛിഷ്ടങ്ങൾ ഭുജിച്ചു തടിച്ചു കൊഴുത്തു കുരക്കും ശ്വാവുകണക്കെ
മേനിപറഞ്ഞു ഞെളിഞ്ഞീടാതെ ധനുസ്സേന്തുക ശരവേഗം കാട്ടുക.
പഴുതേ മൊഴിയമ്പെയ്തു മദിക്കരുതേ

(ശല്യർ കർണ്ണനെതേജോവധംചെയ്യുന്നു.കർണ്ണൻസംയമനം പാലിക്കുന്നു. ശല്യർചാട്ടയെടുത്ത് പുറപ്പെടുന്നു.)

**കർണ്ണൻ**

രാഗം: കേദാരഗൗള, താളം: ചെമ്പട

ഘോരമാം പന്നഗാസ്ത്രവും കൂർത്ത തീക്ഷ്ണ ദിവ്യ ശരജാലവും
ആവനാഴിയിൽ നിറച്ചു വൈരവിഷമുള്ളിലും പുകഞ്ഞജസാ
ഭീഷണം വിജയമെന്ന കാർമുകമെടുത്തു ഞാണൊലിയുതിർത്തുടൻ
കർണ്ണനന്നു നിജജന്മശത്രു വിജയന്റെ നേർക്കു തേരോട്ടിനാൻ

വൃത്രവൈരിപുത്രാ, പാണ്ഡുരാജതനയാ
സൂതപുത്രനഹമിന്നു പോരിനു വി-
ളിപ്പതു കേട്ടില്ലെന്നു നടിച്ചു വസിക്കാമോ,
വന്നുടനെന്നൊടെതിർക്കാമോ

മാധവനല്ലിനി യമരിപു തേരു തെ-
ളിച്ചതിലേറിയെഴുന്നള്ളുകിലും
എന്നുടെ ശരമുനയിൽ നിന്നുടെ തല-
യിന്നു പിടഞ്ഞുരുളും ഭൂവിൽ രണഭൂവിൽ

സൂതനുമാട്ടെ ശൂദ്രനുമാട്ടെ
ക്ഷത്രിയനോടടരാടാൻ മതിമതി
ദക്ഷിണ വിരലായ് നേടിയ ബ്രാഹ്മണ
ഗുരുവാ സത്യം കണ്ടറിയും നീകൊണ്ടറിയും

വിജയാഖ്യം മമവില്ലും ശരവും
പെരുവിരലും മമ കയ്യിലിരിക്കെ
യെന്തിനു കവചം എന്തിനു കുണ്ഡല

മിന്നു ഭവാനെ വെന്നിടുവാൻ തല കൊയ്തിടുവാൻ
(വിജയമെന്ന തന്റെ വില്ല് കുലച്ച്പോരിനു വിളിക്കുന്നു.)
രംഗം : രണ്ട്

രംഗ സംക്ഷിപ്തം :(കർണ്ണന്റെ പോരിനുവിളികേട്ട കൃഷ്ണൻ പരിഭ്രമിക്കുന്നു. വൈജയന്തി കയ്യിലുള്ള കർണ്ണന്റെയടുക്കലേക്ക് അർജ്ജുനനെ വിടുന്നത് അപകടമാണെന്നറിഞ്ഞ കൃഷ്ണൻ ഭീമപുത്രനായ ഘടോൽക്കചനെ യുദ്ധത്തിനായി നിയോഗിക്കുന്നു.)

ഭിമസേനനു ഹിഡുംബ കാനന കുമാരിയാൾക്കു ജനിയാർന്നവൻ
നൂറു മത്തഗജ ശക്തിയൊത്ത ഭുജ വീര്യമാർന്ന ദനുജോത്തമൻ.
കാളരാത്രിയുടൽ പൂണ്ടപോലഥ ഘടോൽക്കചൻ, പെരുമരങ്ങളാം
ആയുധങ്ങളുമെടുത്തു ശത്രു നിര തന്റെനേർക്കു പടയോട്ടിനാൻ.

ശ്ലോകം

രാഗം : ഹിന്ദോളം

ഇന്ദ്രൻനൽകിയവൈജയന്തിയുമുറഞ്ഞാടുന്നവില്ലുംധരി_
ച്ചിന്ദ്രനോമന നന്ദനന്നു മരണം ദാനം കൊടുത്തീടുവാൻ
ക്രോധപ്പാവകനാളിവന്നണയുമാ രാധേയനോടേറ്റിടാൻ
ശക്തൻഭീമസുതൻ ഘടോല്ക്കചനവൻ തന്നോടു ചൊന്നാൻഹരി

കൃഷ്ണൻ രാഗം : ഹിന്ദോളം താളം : പഞ്ചാരി.

ഭീമനന്ദനാ ഘടോൽകചാ ശ്രവിച്ചിതോ സുയോധ-
നന്നുതോഴനായ സൂതജന്റെ ജൽപനം
ഇന്നുപാർക്കിലാരുമില്ല നീയൊരുത്തനെന്നിയേ
ഇവന്നുനേർക്കുനിന്നു സങ്ഗരം നടത്തുവാൻ

ഭീകരം തവാംഗ ദർശനാൽ ഭയന്നു ഗജതുരംഗ
നികരമിന്നു നിലവിളിച്ചു പാഞ്ഞിടുന്നിതാ
ഭയദ ഗർജ്ജനം ശ്രവിച്ചു കുരുടപുത്ര സൈന്യമിന്നു
പടനിലം വെടിഞ്ഞു സഭയമോടിടുന്നിതാ

അന്തകാത്മജൻ വിപത്തിലാണ്ടു വേവലാതി പൂണ്ടി-
ടുന്നിതന്ധജന്റെ വൻചതി പ്രവൃത്തിയാൽ
മന്ദമെന്നിയേ കിരീടിയങ്ങു ചെന്നിടായ്കിലേറ്റ-
മാപദങ്ങളായി വന്നുതീർന്നിടും രണം

ഘടോൽകചൻ

രാഗം :പന്തുവരാളി താളം : ചെമ്പട.

ദൈത്യാരേ മതി ചെല്ലുന്നഹമതി വേഗം സൂതജ ചരിത സമാപ്തി
വരുത്തി യരിപ്പടതന്നുടെയറുതി വരുത്തി വരുന്നേനുടനേ നികടേ

അർജ്ജുനനേ രഥമേറ്റിയുടൻ യമ നന്ദനനികടേ ചെല്ലു മുകുന്ദാ
കർണ്ണനു മൃത്യു രുചിപ്പാൻ നൽകാൻ ഇന്നഹമേകൻ പോരും പോരും.

തേരു തകർത്തു ധനുസ്സതറുത്തു ഹയങ്ങളെയും
സാരഥിയേയുംകൊ-
ന്നിന്നൊരു മൂഷികവരനെ പൂശകനെന്നപോൽ കൊന്നിടുമവനേ
ഞാനും

(ഘടോൽകചൻ കൃഷ്ണന്റെ അനുഗ്രഹത്തോടെ യുദ്ധിത്തനു പുറപ്പെട്ടു പോകുന്നു)

രംഗം : മൂന്ന്

രംഗസംക്ഷിപ്തം :(കർണ്ണനോട് ഘടോൽകചൻ ഏറ്റുമുട്ടുന്നു. ഗത്യന്തരമില്ലാതെ കർണ്ണൻ, താൻ അർജ്ജുനനു വേണ്ടി കരുതിവച്ചിരുന്ന വൈജയന്തി എന്ന വേല് പ്രയോഗിക്കുന്നു. ഘടാൽകചൻ മരിച്ചുവീഴുന്നു. )

പാർഥശീർഷമതരിഞ്ഞുവീഴ്ത്തി നിജതോഴനായ്
വിജയമേകുവാൻ
പാർത്തു വച്ച ശരജാലവും നിശിത വേലുമേന്തി രവിപുത്രനും
ആർത്തു വാനരപതാക നോക്കി രഥമേറിവന്നണയുമാ വഴി
ഭീമനന്ദനഘടോൽക്കചൻ രവിസുതന്റെ മാർഗ്ഗമതുടക്കിനാൻ

**കർണ്ണൻ**

രാഗം :ഖണ്ഡാരം          താളം : മുറിയടന്ത.

ചതുരംഗസേന തൻ വ്യൂഹം തകർത്തിടാ-
നാഞ്ഞുവന്നോരു ഘടോൽകചാ ഭീമജാ
എന്തേ ധനഞ്ജയൻ ഭീതനായ്ത്തീർന്നുവോ
എന്നോടു പോരാടുവാൻ
ധീരനെന്നോടു പോരാടുവാൻ

പടകുടീരങ്ങളിൽ പകലന്തിയോള –
മൊളിച്ചുവാണീ രണഭൂവിൽ വരാനെന്തു
സങ്കോചമിന്നർജ്ജുനനോടു ചെന്നന്റെ
മുന്നിൽവന്നീടുവാൻ ചെന്നുനീ ചൊല്ലെടാ
ഘടോൽകചൻ:

അന്ധാത്മജസഖനായതുകൊണ്ടു നീ
അന്ധനായ്ത്തീർന്നുവോ കർണ്ണാ ജള പ്രഭോ
ഇന്ദ്രാത്മജനോടു പോരാടുവാനിനി അഭ്യസിച്ചീടണം നീ
ധനുർവേദവും

**കർണ്ണൻ:**

മുണ്ഡിതശീർഷാ ഘടോൽകചാ പർവത-
തുല്ല്യമാം നിൻമാറിലൂക്കേറുമമ്പുകൾ
കൊണ്ടു പുളഞ്ഞിടും നേരമറിഞ്ഞിടും:
നീ മമ കാർമുക പാടവവും

**ഘടോൽകചൻ**

സങ്ഗര വല്ലഭനാമെനിക്കിന്നൊരു പുല്ലുമതിയെടാ നിന്നോടു
നേരിടാൻ
ചമ്മട്ടിയേന്തും കരങ്ങൾക്കുചാപ
മെടുത്തുപ്രയോഗിപ്പതൊക്കുമോ പാർക്കിലും

(ഘടോൽകചന്റെ മായായുദ്ധത്തിൽ വശം കെട്ട കർണ്ണൻ
ദേവേന്ദ്രൻ നൽകിയ
വേൽ പ്രയോഗിക്കന്നു. ഘടോൽകചൻ മരിച്ചു വീഴുന്നു. )

രംഗം : നാല്

രംഗസംക്ഷിപ്തം :(വൈജയന്തി നഷ്ടപ്പെട്ട കർണ്ണനുമായി
യുദ്ധംചെയ്യാൻ
കൃഷ്ണൻ അർജ്ജുനനെപ്രേരിപ്പിക്കുന്നു.
അർജ്ജുനന് ആത്മവിശ്വാസമുണ്ടാ
കുന്നു. യുദ്ധത്തിനു പുറപ്പെടുന്നു.)

ശ്ലോകം രാഗം : മോഹനം. താളം : ചെമ്പട

അർക്കസൂനുവൊടു ദ്വൈരഥത്തിനു മുഹൂർത്തമായതുമറിഞ്ഞുടൻ
ഇന്ദ്രനന്ദനനു തീവ്രധൈര്യമതു ചേർത്തു വെന്നരിയെ
വീഴ്ത്തുവാൻ
ചാരുശോഭ വിതറുന്ന പുഞ്ചിരി നിറഞ്ഞ ചുണ്ടിലമൃതങ്ങളാം
വാഗ്‌വിലാസമതു നന്ദസൂനുവുടനിന്ദ്രപുത്രനൊടു ചൊല്ലിനാൻ

കൃഷ്ണൻ

വിജയാ വിജയീഭവ നീ കാർമുക
തൂണീരങ്ങളെടുക്കൂ ഝടിതി ഝടിതി ഝടിതി

ഗാണ്ഡീവധരാ കവചമണിഞ്ഞുടൻ
ഒരുങ്ങുക പോർവിളിക്കുക

മതിമതി സമയമടുത്തു ഗുരുവിനു
ദക്ഷിണ നൽകിയ വിക്രമവും
പരിണയരംഗത്തതി ചതുരം നീ
കാട്ടിയ കാർമുക ലീലകളും
ഉത്തരരാജകുമാരകനൊത്തു ന-
ടത്തിയ യുദ്ധ പരാക്രമവും
വിണ്ണിൽ ദാനവ വീരന്മാരെ-
യറുതിവരുത്തിയ ശര ശേമുഷിയും

ഖാണ്ഡവവിപിനം ദഹനനുനൽകാൻ
വാസവനായ്‌പടവെട്ടിയധൈര്യം
കാട്ടുക പാണ്ഡവസാരഥി ഞാനൊ-
ന്നാനന്ദിച്ചീടട്ടെ പാർത്ഥാ

അഭിമന്യുവിനെ കൊന്നവനെ പാർ
ഷതിയെ ചീത്തവിളിച്ചവനെ
അറുതിവരുത്തുക പാർത്ഥാ വില്ലുകു-
ലച്ചീ സ്യന്ദനമേറുക ഝടിതി.

അർജ്ജുനൻ രാഗം : സാരംഗ. താളം : ചെമ്പട

ഝടിതി പുറപ്പെടുകിന്നു മുരാരേ
വിരലുകളിൽ വിറകൊൾവൂ രോഷം
കർണ്ണനെ സൂതാത്മജനെയിന്നറി-
യിച്ചീടും ശരകാർമുക ശാസ്ത്രം

പുളയും ഗാണ്ഡീവമുതിർക്കും ശര -
മേറ്റുപിളർന്ന ഹൃദന്തത്തൊടവൻ
ഏന്നെവിളിച്ചിഹ ലോകം വെടിവടു

പുളകിതനായ് കാണും ഹരീ, യുടനെ

ത്വരിതം ചാട്ടയെടുത്തു ശതാംഗമ-
തേറു ഹയങ്ങളെയമ്പുകണക്കു തെ-
ളിച്ചീടുക നരകാരേ രാധാ
സുതനാമൽപമതിക്കരികിൽ

(കൃഷ്ണന്റെ പ്രോത്സാഹനത്തോടെ ഊർജ്ജസ്വിയായ
അർജ്ജുനൻ,പഞ്ചഭൂതങ്ങളെ പ്രണമിച്ച്രണ്ടു പേരും
ചേർന്ന്യുദ്ധത്തിന് യാത്രയാകുന്നു.)

രംഗം :അഞ്ച്

രംഗ സംക്ഷിപ്തം : (ശല്ല്യർ തെളിക്കുന്നതേരിൽ കർണ്ണനും
കൃഷ്ണൻ തെളിക്കുന്ന തേരിൽ അർജ്ജുനനും നിന്നുകൊണ്ട്
ദ്വൈരഥത്തിന് ഏറ്റുമുട്ടുന്നു. കർണ്ണന്റെ രഥചക്രം ഭൂമിയിൽ
താഴുന്നു .യുദ്ധം നിർത്താനായി കർണ്ണൻ ആവശ്യപ്പെട്ടെങ്കിലും
കൃഷ്ണന്റെ നിർദ്ദേശമനുസരിച്ച് അർജ്ജുനൻ കർണ്ണനെ അമ്പെയ്തു
വധിക്കുന്നു. അർജ്ജുനനെ യുദ്ധരംഗത്തുനിന്ന് കൃഷ്ണൻ
പറഞ്ഞയക്കുന്നു. കർണ്ണന്റെ നെഞ്ചിൽത്തറച്ച അമ്പ് കൃഷ്ണൻ
വലിച്ചെടുത്ത് മോക്ഷം നൽകുന്നു.)
ശ്ലോകം(ചമ്പു-ഗദ്യംപോലെ)

രാഗം :ഖണ്ഡാരം    താളം : മുറിയടന്ത

വസുധ തരിച്ചു തളർന്നു സഹജന്മാരുടെ ഘോരരണത്തിനു
സാക്ഷിയ-
തായിടുവാൻ ദിക്പാലകരെട്ടും ലോകവിനാശമതെന്നു നിനച്ചു
ഒരുദിശി വാസവനാഥൻ മറുദിശി വാസരനാഥനു മമ്പൊടു വ്യഗ്രത
യാർന്നു വസിച്ചൂ, ദശമുഖനും ദശരഥസുതനും ചേർന്നടരാടിയ
പോ-
ലെന്നു ജനാവലി ചൊല്ലിവിളിച്ചു, പൃഥയും ഗാന്ധാരിയുമാ
രാധയു-
മപ്പടനിലമതിലെക്കഥ കേട്ടു ഭയന്നുരു പ്രാർത്ഥന ചെയ്തു
വസിച്ചു.
നിശ്ചയദാർഢ്യത്തോടുധനുസ്സിൽ
ഞാണുമുറുക്കിയണഞ്ഞൂവിജയൻ
നിശ്ചലമായമനസ്സോടനുജൻ തന്നൊടെതിർപ്പാനെത്തീ കർണ്ണൻ

അർജ്ജുനനും കർണ്ണനും രംഗത്ത്ഏറ്റുമുട്ടുന്നു.

അർജ്ജുനൻ

രക്ഷപ്പെടുന്നതല്ലിന്നു നീ സൂതജാ
കാലനെ കാണുവാനിന്നൊരുങ്ങീടുക
എൻശരജാലങ്ങൾ ചോദിച്ച കേൾവിക്കു
നൽകനീയുത്തരം അജ്ഞാതജാ ജളാ
ദാനം ലഭിച്ച മകുട ഭാരത്തിൽ മറന്നീടവേണ്ടാ വരശരമന്ത്രവും
കാൽക്കൽനമിക്കിലും മാപ്പേകുകില്ലഹം
ഇന്നുനിൻചോരയാലെൻകാൽകഴുകിടും

കർണ്ണൻ

അർജ്ജുനാ ജൽപ്പനചാതുര്യമാ ദ്രോണ
ഭൂസുരനഭ്യസിപ്പിച്ചതോ നിന്നെ ഹാ
മുന്നമരങ്ങേറ്റമുണ്ടായ ദുർദ്ദിനം

മന്നാമരക്കേണ്ട, അംഗേശനിന്നഹം

സൂതാത്മജനോടു യുദ്ധമരുതെന്നു
സാരഥി മാധവനിന്നു രോധിക്കുമോ
പാർത്ഥനു ജീവിതം ദാനമിരന്നുനിൻ
അച്ഛൻവരുതിലുമിന്നതു നൽകുമോ
നിൻ ഗളഛേദനം ചെയ്യാതെ കൗരവ-
ബന്ധു ഞാനിന്നു കൂടാരമണയുമോ

അർജ്ജുനൻ

അനൃതം പറഞ്ഞു ധനുർവേദവുമറി-
ഞ്ഞതിഘോര ഗുരുശാപ ഗർത്തേ പതിച്ചു നീ
തുലികയെ തുലടയെന്നതിനീചമായുര-
ച്ചവളേതിയൊരു ശാപകൂപേ പതിച്ചു നീ
പാർത്ഥന്റെ വലതിടം കയ്യാൽ തൊടുത്ത
ശരത്താൽ തവ ശാപ പാശമഴിച്ചിടും.

( ദ്വൈരഥംനടക്കുന്നു. യുദ്ധത്തിനിടയിൾ കർണ്ണന്റെ രഥചക്രം
ഭൂമിയിൽ താഴുന്നു. കർണ്ണൻപരിഭ്രമിക്കുന്നു. )

കർണ്ണൻ

സ്യന്ദനചക്രം ഭൂവിൽതാണീടുന്നതുയർത്തിയെടുക്കുന്നതുവരെ
ബാണം വെടിയുക ,ചാപം താഴത്തുക ,പാർത്ഥാ സംഗരധർമ്മം
കാക്കുക.

കൃഷ്ണൻ

കുലവധുതന്നാടയുരിഞ്ഞപ്പോൾ
അഭിമന്യുവിനെ സംഘം ചേർന്നു വധിച്ചപ്പോൾ
എവിടെപ്പോയ് തവ ധർമ്മവിവേചന
മോതുക കർണ്ണാ നീയുടനെ

പാർത്ഥാ മാത്രകൾപാഴാക്കാതുടനേറ്റം ദിവ്യശരത്താലിവനെ
കൊല്ലുക മറ്റൊരു പഴുതു നിനക്കു ലഭിക്കുകയില്ലിതുപേക്ഷിക്കിൽ

( അർജ്ജുനൻ കർണ്ണനു നേരെ അമ്പയച്ച് വധിക്കുന്നു. കൃഷ്ണൻ
അർജ്ജുനനെ പറഞ്ഞയക്കുന്നു. കർണ്ണസമീപത്തേക്ക് വരുന്നു. )

കർണ്ണൻകൃഷ്ണനോട്

എൻ ഋണ ഭാരങ്ങളെല്ലാമൊടുങ്ങി,
സത്യസ്വരൂപനാം രാധികാലോലാ
എന്നനുജൻ തൊടത്തെയ്തൊരു ബാണം
ഭവത്രാതനാം നിന്റെപൂംപാണികൊണ്ടു
വലിച്ചെടുത്തിന്നെനിക്കേകുക മോചനം
ഹൃത്തടം നോവുന്നു നേത്രവും മങ്ങുന്നു.
എൻസോദരങ്ങളെ പാലിച്ച പോലെ നീ
കാക്കുക പ്രേമവും, ധർമ്മവും, സത്യവും.
ആസനാരൂഢനായ്വാഴും സഹജനെ
കണ്ടുവാഴാമഹം സ്വർഗ്ഗലോകത്തിലും.

( കൃഷ്ണൻ കർണ്ണന്റെ ഹൃദയത്തിൽ തറച്ച അസ്ത്രം വലിച്ചെടുക്കുന്നു. കർണ്ണൻ മോക്ഷമടയുന്നു.-ഇതൊരു കാവ്യാത്മക കൽപ്പനയാണ്. )

ശുഭം